## മധുരമായ കുട്ടികളേ – നിങ്ങളിപ്പോൾ വിശ്വസേവകരാണ്, നിങ്ങൾക്ക് ഒരു കാര്യത്തിലും ദേഹ–അഭിമാനം വരരുത്

**ചോദ്യം:–** ഏതൊരു ശീലം ഈശ്വരീയ നിയമത്തിന് വിരുദ്ധമാണ്, അതിലൂടെ വളരെ നഷ്ടമുണ്ടാകുന്നു?
**ഉത്തരം:–** ഏതെങ്കിലും സിനിമാക്കഥകൾ കേൾക്കുക അല്ലെങ്കിൽ വായിക്കുക, നോവലുകൾ വായിക്കുക.... ഈ ശീലം തീർത്തും നിയമ വിരുദ്ധമാണ്, ഇതിലൂടെ വളരെ നഷ്ടമുണ്ടാകുന്നു. ബാബയുടെ നിഷ്കർഷിച്ചിട്ടുള്ളതാണ് കുട്ടികളേ നിങ്ങൾ ഇങ്ങനെയുള്ള പുസ്തകങ്ങളൊന്നും വായിക്കരുത്. അഥവാ ഏതെങ്കിലും ബി.കെ ഇങ്ങനെയുള്ള പുസ്തകങ്ങൾ പഠിക്കുന്നുണ്ടെങ്ങിൽ നിങ്ങൾ പരസ്പരം ജാഗ്രതപ്പെടുത്തൂ.
ഗീതം:– മുഖം നോക്കൂ മനുഷ്യാ . . .
**ഓം ശാന്തി.** മധുരമധുമായ ആത്മീയ കുട്ടികളോട് ആത്മീയ അച്ഛൻ പറയുകയാണ് – തന്റെ പരിശോധന നടത്തൂ അതായത് ഓർമ്മയുടെ യാത്രയിലൂടെ നമ്മൾ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനതയിലേക്ക് എത്രത്തോളം മുന്നേറിയിട്ടുണ്ട് എന്തുകൊണ്ടെന്നാൽ എത്രത്തോളം ഓർമ്മിക്കുന്നോ അത്രയും പാപം മുറിഞ്ഞുകൊണ്ടിരിക്കും. ഇപ്പോൾ ഈ അക്ഷരം ഏതെങ്കിലും ശാസ്ത്രത്തിലോ മറ്റോ എഴുതിയിട്ടുണ്ടോ? എന്തുകൊണ്ടെന്നാൽ ആരാരെല്ലാമാണോ ധർമ്മം സ്ഥാപിച്ചത്, അവരെന്താണോ മനസ്സിലാക്കി തന്നത് അതാണ് ശാസ്ത്രമായി ഉണ്ടാക്കിയിട്ടുള്ളത് അതാണ് പിന്നീടിരുന്ന് പഠിക്കുന്നത്. പുസ്തകത്തിന്റെ പൂജ നടത്തുന്നു. എഴുതിവെച്ചിട്ടുണ്ട് അതുകൊണ്ട് ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളെയും ഉപേക്ഷിച്ച് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. ബാബ ഓർമ്മ നൽകുന്നു – നിങ്ങൾ കുട്ടികൾ ആദിയിൽ അശരീരി ആയാണ് വന്നിരുന്നത്, അവിടെ പവിത്രമായി തന്നെയാണിരിക്കുന്നത്. മുക്തി–ജീവൻ മുക്തിയിലേക്ക് പതിതമായ ഒരാത്മവിനും പോകാൻ സാധിക്കില്ല. അതാണ് നിരാകാരി, നിർവ്വികാരീ ലോകം. ഇതിനെ പറയുന്നത് സാകാരീ വികാരീ ലോകമെന്നാണ്, പിന്നീട് സത്യയുഗത്തിൽ ഇത് തന്നെ നിർവ്വികാരീ ലോകമാകുന്നു. സത്യയുഗത്തിൽ വസിക്കുന്ന ദേവതകൾക്കാണെങ്കിൽ വളരെയധികം മഹിമയുണ്ട്. ഇപ്പോൾ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് – നല്ലരീതിയിൽ ധാരണ ചെയ്ത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കൂ. നിങ്ങൾ ആത്മാക്കൾ എവിടെനിന്നാണോ വന്നത്, പവിത്രമായ് തന്നെയാണ് വന്നത്. പിന്നീട് ഇവിടെ വന്ന് അപവിത്രമാകേണ്ടതും തീർച്ചയാണ്. സത്യയുഗത്തെ നിർവ്വികാരീ ലോകമെന്നും, കലിയുഗത്തെ വികാരീ ലോകമെന്നുമാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു അതായത് ഞങ്ങളെ പാവനവും നിർവ്വികാരിയുമാക്കുന്ന അങ്ങ് വികാരീ ലോകം വികാരീ ശരീരത്തിലേക്ക് വരൂ. ബാബ സ്വയംമനസ്സിലാക്കി തരുന്നു – ബ്രഹ്മാവിന്റെ ചിത്രത്തിൽ തന്നെയാണ് സംശയിക്കുന്നത് ഈ മുത്തച്ഛനെ എന്തിനാണ് ഇരുത്തിയിരിക്കുന്നത്. മനസ്സിലാക്കി കൊടുക്കണം ഇത് ഭഗീരഥനാണ്. ശിവ ഭഗവാനുവാചയാണ് – ഇത് ഞാൻ സ്വീകരിച്ച രഥമാണ് എന്തുകൊണ്ടെന്നാൽ എനിക്ക് പ്രകൃതിയുടെ ആധാരം തീർച്ചയായും ആവശ്യമാണ്. അല്ല എങ്കിൽ എങ്ങനെ ഞാൻ നിങ്ങളെ പതിതത്തിൽ നിന്ന് പാവനമാക്കും. ദിവസവും പഠിപ്പിക്കേണ്ടതും ആവശ്യമാണ്. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികളോട് പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ. എല്ലാ ആത്മാക്കൾക്കും തന്റെ പിതാവിനെ ഓർമ്മിക്കണം. കൃഷ്ണനെ എല്ലാ ആത്മാക്കളുടെയും പിതാവെന്ന് പറയില്ല. കൃഷ്ണന് സ്വന്തം ശരീരമുണ്ട്. അതുകൊണ്ട് ഇത് ബാബ വളരെ സഹജമായി മനസ്സിലാക്കി തരികയാണ് – എപ്പോൾ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ പറയൂ – ബാബ പറയുന്നു നിങ്ങൾ അശരീരിയായാണ് വന്നത്, ഇപ്പോൾ അശരീരിയായി പോകണം. അവിടെ നിന്ന് പവിത്ര ആത്മാവ് തന്നെയാണ് വരുന്നത്. ഇനി നാളെ ആരെങ്കിലും വരികയാണെങ്കിലും പവിത്രമാണ്, അതുകൊണ്ട് അവരുടെ മഹിമ തീർച്ചയായും ഉണ്ടാകും. സന്യാസിയോ, താപസനോ, ഗൃഹസ്ഥിയോ ആരുടേയാണോ പേരുണ്ടാകുന്നത്, തീർച്ചയായും അവരുടേത് ഇത് ആദ്യ ജന്മമായിരിക്കില്ലേ. അവർക്ക് വരേണ്ടത് തന്നെ ധർമ്മം സ്ഥാപിക്കാനാണ്. ഏതുപോലെയാണോ ബാബ ഗുരു നാനാക്കിനെ പ്രതി മനസ്സിലാക്കി തരുന്നത്. ഇപ്പേൾ ഗുരുവെന്ന ശബ്ദവും തീർച്ചയായും പറയണം എന്തുകൊണ്ടെന്നാൽ നാനക്ക് എന്ന പേരും ധാരാളം പേർക്കില്ലേ. എപ്പോൾ ആരുടെയെങ്കിലും മഹിമ ചെയ്യുന്നോ അതനുസരിച്ച് പറയുന്നതാണ്. പറഞ്ഞില്ലെങ്കിൽ അത് ശരിയല്ല. വാസ്തവത്തിൽ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് – ഒരാളല്ലാതെ ഗുരുവായി ആരും തന്നെയില്ല. ആ ആളുടെ പേരിൽ തന്നെയാണ് മഹിമ പാടുന്നത്. സത്ഗുരു അകാലനാണ്... അകാലമൂർത്തിയാണ് അർത്ഥം കാലൻ വിഴുങ്ങില്ല, അത് ആത്മാവാണ്, അതുകൊണ്ടാണ് ഈ കഥകളെല്ലാം ഇരുന്നുണ്ടാക്കയിരിക്കുന്നത്. സിനിമാകഥകളുടെ പുസ്തകങ്ങൾ, നോവലുകൾ തുടങ്ങിയവ ധാരാളം പേർ വായിക്കുന്നുണ്ട്. ബാബ കുട്ടികളെ

ജാഗ്രതപ്പെടുത്തുകയാണ്. ഒരിക്കലും നോവലുകളൊന്നും വായിക്കരുത്. ചിലർക്ക് ശീലമുണ്ട്. ഇവിടെയാണെങ്കിൽ നിങ്ങൾ സൗഭാഗ്യശാലികളാകുന്നു. ചില ബി.കെ-കൾ പോലും നോവലുകൾ വായിക്കുന്നുണ്ട് അതുകൊണ്ട് ബാബ എല്ലാകുട്ടികളോടും പറയുന്നു - എപ്പോഴെങ്കിലും ആരെങ്കിലും നോവൽ വായിക്കുന്നത് കണ്ടാൽ പെട്ടന്ന് തന്നെ എടുത്ത് നശിപ്പിച്ച് കളയൂ, ഇതിൽ പേടിക്കരുത്. നമ്മളെ ശപിക്കുകയോ ദേഷ്യപ്പെടുകയോ ഒന്നുമില്ല. നിങ്ങളുടെ കർത്തവ്യമാണ് പരസ്പരം ജാഗ്രതപ്പെടുത്തുക. സിനിമാ കഥകൾ കേൾക്കുക അല്ലെങ്കിൽ വായിക്കുക നിയമ വിരുദ്ധമാണ്. നിയമവിരുദ്ധമായി എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ പെട്ടന്ന് തന്നെ റിപ്പോർട്ട് ചെയ്യണം. അല്ല എങ്കിൽ എങ്ങനെ തിരുത്തും? തന്റെ നഷ്ടം ചെയ്തുകൊണ്ടിരിക്കും. തന്നിൽ തന്നെ യോഗബലമില്ലെങ്കിൽ ഇവിടെയിരുന്ന് എന്ത് പഠിപ്പിക്കും. ബാബയാൽ വിലക്കപ്പെട്ടതാണ്. അഥവ വീണ്ടും ഇങ്ങനെയുള്ള കാര്യം ചെയ്തു കൊണ്ടിരിക്കുകയാണെങ്കിൽ ഉള്ളിൽ ഹൃദയം തീർച്ചയായും കുത്തിക്കൊണ്ടിരിക്കും. തന്റെ നഷ്ടം ഉണ്ടാകും അതുകൊണ്ട് ആരിലെങ്കിലും എന്തെങ്കിലും അവഗുണം കാണുകയാണെങ്കിൽ എഴുതണം. ആരും നിയമ വിരുദ്ധമായ കാര്യങ്ങളൊന്നും ചെയ്യുന്നില്ലല്ലോ? എന്തുകൊണ്ടെന്നാൽ ബ്രാഹ്മണൻ ഈ സമയം സേവകനല്ലേ. ബാബ പോലും പറയുന്നു കുട്ടികളേ നമസ്ക്കാരം. അർത്ഥ സഹിതം മനസ്സിലാക്കി തരുന്നു. പുത്രിമാർ ആരെല്ലാമാണോ പഠിപ്പിക്കുന്നത് - അവരിൽ ദേഹ-അഭിമാനം വരരുത്. ടീച്ചറും വിദ്യാർത്ഥികളുടെ സേവകരല്ലേ. ഗവർണർ തുടങ്ങിയവർ കത്തെഴുതാറുണ്ട്, അപ്പോൾ താഴെ വ്യക്തമാക്കാറുണ്ട്, ഞാൻ വിശ്വസ്തനായ സേവകനാണ്. സ്വയം നേരിട്ട് പേരെഴുതും. ബാക്കിയെല്ലാം ക്ലാർക്ക് തന്റെ കൈകൊണ്ട് എഴുതിച്ചേർക്കും. ഒരിക്കലും തന്റെ പെരുമ എഴുതില്ല. ഇന്നത്തെ കാലത്ത് ഗുരു സ്വയം തന്നെ തനിക്ക് ശ്രീ-ശ്രീ എന്നെഴുതുന്നു. ഇവിടെയും ചിലർ ഇങ്ങനെയുണ്ട് - ഇന്നാൾ ശ്രീയെന്നെഴുതുന്നു. വാസ്തവത്തിൽ ഇങ്ങനെയും എഴുതാൻ പാടില്ല. സ്ത്രീയെ ശ്രീമതിയെന്നും എഴുതാൻ സാധിക്കില്ല. ശ്രീമതം അപ്പോഴാണ് ലഭിക്കുക എപ്പോഴാണോ ശ്രീ-ശ്രീ സ്വയം വന്ന് മതം നൽകുന്നത്. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും തീർച്ചയായും ആരുടെയെങ്കിലും മതത്തിലൂടെയല്ലേ ദേവതയായിത്തീർന്നിരിക്കുക. ഭാരതത്തിൽ ആർക്കും അറിയില്ല അതായത് ഇവർ ഇത്രയും ഉയർന്ന വിശ്വത്തിന്റെ അധികാരിയായത് എങ്ങനെയാണെന്ന്. നിങ്ങൾക്ക് ഈ ലഹരി ഉയരണം. ഈ ലക്ഷ്യത്തിന്റെ ചിത്രം നെഞ്ചിൽ തൂങ്ങിക്കിടക്കണം. ആരോടും പറയൂ ഞങ്ങളെ ഭഗവാൻ പഠിപ്പിക്കുന്നു, അതിലൂടെ ഞങ്ങൾ വിശ്വത്തിന്റെ മഹാരാജാവാകുന്നു. ബാബ വന്നിരിക്കുന്നു ഈ രാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നതിന്. ഈ പഴയ ലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുന്നു. നിങ്ങൾ ചെറിയ-ചെറിയ പുത്രിമാർക്ക് തത്തയെ പോലെ ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. വലിയ-വലിയ സമ്മേളനങ്ങളിലെല്ലാം നിങ്ങളെ വിളിക്കുന്നു. നിങ്ങൾ ഈ ചിത്രം കൊണ്ട് പോകൂ എന്നിട്ടിരുന്ന് മനസ്സിലാക്കിക്കൊടുക്കൂ. ഭാരതത്തിൽ വീണ്ടും ഇവരുടെ രാജ്യം സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. എവിടെയും നിറഞ്ഞ സഭയിൽ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. മുഴുവൻ ദിവസവും നിങ്ങൾക്ക് സേവനത്തിന്റെ തന്നെ ലഹരി ഉണ്ടായിരിക്കണം. ഭാരതത്തിൽ ഇവരുടെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാബ ഞങ്ങളെ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ശിവ ഭഗവാനുവാചയാണ് - അല്ലയോ കുട്ടികളേ, നിങ്ങൾ നിങ്ങളെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. എങ്കിൽ നിങ്ങൾ 21 തല മുറയിലേക്ക് ഇവരെ പോലെയായി മാറും. ദൈവീക ഗുണവും ധാരണ ചെയ്യണം. ഇപ്പോഴാണെങ്കിൽ എല്ലാവരുടേതും ആസുരീയ ഗുണമാണ്. ശ്രേഷ്ഠമാക്കി മാറ്റുന്നത് ഒരേഒരു ശ്രീ ശ്രീ ശിവബാബ മാത്രമാണ്. ആ ഉയർന്നതിലും ഉയർന്ന ബാബ ഞങ്ങളെ പഠിപ്പിക്കുന്നു. ശിവഭഗവാനുവാചയാണ്, മൻമനാഭവ. ഭഗീരഥൻ വളരെ പ്രസിദ്ധമാണ്. ഭഗീരഥനെ തന്നെയാണ് ബ്രഹ്മാവെന്ന് പറയുന്നത്, അവരെ തന്നെയാണ് മഹാവീരനെന്നും പറയുന്നത്. ഇവിടെ ദിൽവാഡാ ക്ഷേത്രത്തിൽ ഇരിക്കുന്നില്ലേ. ജൈനികൾ തുടങ്ങി ആരെല്ലാമാണോ ക്ഷേത്രമുണ്ടാക്കുന്നവർ അവർക്ക് ഒന്നും തന്നെ അറിയില്ല. നിങ്ങൾ ചെറിയ-ചെറിയ പെൺമക്കൾക്ക് ആരെയും സന്ദർശിക്കാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ ശ്രേഷ്ഠമായിക്കൊണ്ടിരിക്കുകയാണ്. ഇത് ഭാരതത്തിന്റെ ലക്ഷ്യമല്ലേ. എത്ര ലഹരി ഉയരണം. ഇവിടെ ബാബ നല്ല രീതിയിൽ ലഹരി ഉയർത്തുന്നു. എല്ലാവരും പറയുന്നു ഞങ്ങൾ ലക്ഷ്മീ-നാരായണനാകും. രാമനും-സീതയുമാകുന്നതിന് ആരും കൈ ഉയർത്തുന്നില്ല. ഇപ്പോൾ നിങ്ങളാണ് അഹിംസകർ, ക്ഷത്രിയർ. നിങ്ങൾ അഹിംസകരായ ക്ഷത്രിയരെ ആർക്കും അറിയില്ല. ഇത് നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ഗീതയിലും മനൻമനാഭവയെന്ന അക്ഷരമുണ്ട്. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ എന്നാൽ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ബാബയിരുന്ന് കുട്ടികൾക്ക് ശിക്ഷണം നൽകുന്നു - കുട്ടികളേ നിങ്ങൾ ആത്മ-അഭിമാനിയാകൂ. ഈ സംസ്ക്കാരം നിങ്ങൾക്ക് പിന്നീട് 21 ജന്മം ഉണ്ടായിരിക്കും. നിങ്ങൾക്ക് ശിക്ഷണം ലഭിക്കുന്നത് തന്നെ 21 ജന്മത്തേക്കാണ്.

ബാബ ഓരോ നിമിഷവും അടിസ്ഥാന കാര്യം മനസ്സിലാക്കി തരുന്നു – സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. പരമാത്മാവായ പിതാവ് നമ്മൾ ആത്മാക്കൾക്കിരുന്ന് മനസ്സിലാക്കി തരുന്നു. നിങ്ങൾ അടിക്കടി ദേഹ–അഭിമാനത്തിലേക്ക് വരുന്നു പിന്നീട് വീടും കുടുംബവുമെല്ലാം ഓർമ്മവരുന്നു. ഇത് സംഭവിക്കുന്നു. ഭക്തിമാർഗ്ഗത്തിലും ഭക്തി ചെയ്ത്–ചെയ്ത് ബുദ്ധി മറ്റു വശങ്ങളിലേക്ക് പോകുന്നു. ഒന്നിൽ ഉറച്ച് കേവലം അവർക്കാണിരിക്കാൻ സാധിക്കുന്നത് ആരാണോ അതീവ ഭക്തി ചെയ്യുന്നത്, അതിനെയാണ് തീവ്ര ഭക്തിയെന്ന് പറയുന്നത്. തീർത്തും ലൗലീനമാകുന്നു. നിങ്ങളും അതുപോലെ ഓർമ്മയിലിരിക്കുമ്പോൾ ചില സമയം തീർത്തും അശരീരിയാകുന്നു. ആരാണോ നല്ല കുട്ടികൾ – അവരാണ് ഇങ്ങനെയുള്ള അസസ്ഥയിലിരിക്കുക. ദേഹത്തിന്റെ ബോധം ഇല്ലാതാകും. അശരീരിയായി ആ ആനന്ദത്തിൽ മുഴുകും. ഇത് ശീലമാകും. സന്യാസി തത്വജ്ഞാനി അഥവാ ബ്രഹ്മജ്ഞാനിയാണ്. അവർ പറയുന്നത് ഞങ്ങൾ ലീനമാകുമെന്നാണ്. ഈ പഴയ ശരീരം ഉപേക്ഷിച്ച് ബ്രഹ്മതത്ത്വത്തിൽ ലീനമാകും. എല്ലാവർക്കും അവരവരുടെ ധർമ്മമല്ലേ. ആരും മറ്റുള്ള ധർമ്മത്തെ അംഗീകരിക്കുന്നില്ല. ആദി സനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവരും തമോപ്രധാനമായി. ഗീതയുടെ ഭഗവാൻ എപ്പോഴാണ് വന്നിരുന്നത്? ഗീതയുടെ യുഗം എപ്പോഴായിരുന്നു? ഒരാൾ പോലും അറിയുന്നില്ല. നിങ്ങൾക്കറിയാം ഈ സംഗമയുഗത്തിൽ തന്നെയാണ് ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നത്. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാക്കുന്നത്. ഭാരതത്തിന്റെ തന്നെ കാര്യമാണ്. അനേക ധർമ്മവും തീർച്ചയായും ഉണ്ടയിരുന്നു. മഹിമയുണ്ട് ഒരു ധർമ്മത്തിന്റെ സ്ഥാപനയും, അനേക ധർമ്മങ്ങളുടെ വിനാശവും. സത്യയുഗത്തിൽ ഒരു ധർമ്മമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ കലിയുഗത്തിൽ അനേക ധർമ്മങ്ങളുണ്ട്. വീണ്ടും ഒരു ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നു. ഒരു ധർമ്മമുണ്ടായിരുന്നു, ഇപ്പോഴില്ല. ബാക്കിയെല്ലാം നിൽക്കുന്നുണ്ട്. ആൽവൃക്ഷത്തിന്റെ ഉദാഹരണവും തീർത്തും ശരിയാണ്. അടിത്തറയില്ല. ബാക്കി മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട്. അതുപോലെ ഇതിലും ദേവീ ദേവതാ ധർമ്മമില്ല. ആദി സനാതന ദേവീ ദേവതാ ധർമ്മം അത് തായ്ത്തടിയായിരുന്നു – അതിപ്പോൾ പ്രായഃലോപമായിരിക്കുന്നു. വീണ്ടും ബാബ സ്ഥാപിക്കുന്നു. ബാക്കി ഈ എല്ലാ ധർമ്മങ്ങളും പിറകിൽ വന്നതാണ് വീണ്ടും ചക്രത്തിന് തീർച്ചയായും ആവർത്തിക്കണം അർത്ഥം പഴയ ലോകത്തിൽ നിന്ന് വീണ്ടും പുതിയ ലോകമാകണം. പുതിയ ലോകത്തിൽ ഇവരുടെ രാജ്യമായിരുന്നു. നിങ്ങളുടെ പക്കൽ വലിയ ചിത്രവുമുണ്ട്, ചെറുതുമുണ്ട്. വലിയ സാധനമാണെങ്കിൽ കണ്ടിട്ട് ചോദിക്കും – ഇതെന്ത് സാധനമാണ് ഉയർത്തിയിരിക്കുന്നത്. പറയൂ ഞങ്ങൾ അങ്ങനെയുള്ള വസ്തുവാണ് ഉയർത്തിയിരിക്കുന്നത് അതിലൂടെ മനുഷ്യൻ യാചകനിൽ നിന്ന് രാജകുമാരനാകും. മനസ്സിൽ വളരെ ഉണർവ്വും, വളരെ സന്തോഷവുമുണ്ടായിരിക്കണം. നമ്മൾ ആത്മാക്കൾ ഭഗവാന്റെ കുട്ടികളാണ്. ആത്മാക്കളെ ഭഗവാൻ പഠിപ്പിക്കുന്നു. ബാബ നമ്മളെ കൺകളിൽ ഇരുത്തി കൊണ്ട് പോകും. ഈ മോശമായ ലോകം നമുക്ക് കഴിയാനുള്ളതല്ല. മുന്നോട്ട് പോകവെ അയ്യോ, അയ്യോ എന്ന് നിലവിളിക്കും, കാര്യം തന്നെ പറയേണ്ട. കോടിക്കണക്കിന് മനുഷ്യർ മരിക്കുന്നു. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. നമ്മൾ ഈ കണ്ണുകളിലൂടെ എന്തെല്ലാമാണോ കാണുന്നത് ഇതൊന്നും തന്നെ ഉണ്ടായിരിക്കില്ല. ഇവിടെയാണെങ്കിൽ മനുഷ്യർ മുള്ളുകളെ പോലെയാണ്. സത്യയുഗത്തിൽ പൂക്കളുടെ പൂന്തോട്ടമാണ്. പിന്നീട് നമ്മളുടെ കണ്ണുകൾ ശീതളമായി തീരും. പൂന്തോട്ടത്തിൽ പോകുമ്പോൾ കണ്ണുകൾ ശീതളമാകാറില്ലേ. അതുകൊണ്ട് നിങ്ങളിപ്പോൾ കോടിക്കോടി ഭാഗ്യശാലിയായിക്കൊണ്ടിരിക്കുന്നു. ആരാണോ ബ്രാഹ്മണനാകുന്നത് അവരുടെ ചരണങ്ങളിൽ കോടികളുണ്ട്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം – ഞങ്ങൾ ഈരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ടാണ് ബാബ ബാഡ്ജ് ഉണ്ടാക്കിച്ചത്. വെള്ള സാരി ധരിച്ച്, ബാഡ്ജ് അണിഞ്ഞിരിക്കുന്നു, ഇതിലൂടെ സ്വതവേ തന്നെ സേവനം നടന്നുകൊണ്ടിരിക്കും. മനുഷ്യർ പാടുന്നുണ്ട് ആത്മാവും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു.... എന്നാൽ വളരെക്കാലത്തിന്റെ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് വളരെക്കാലം അർത്ഥം അയ്യായിരം വർഷങ്ങൾക്ക് ശേഷം നിങ്ങൾ കുട്ടികൾ ബാബയുമായി കണ്ടുമുട്ടിയിരിക്കയാണ്. നിങ്ങൾക്ക് ഇതും അറിയാം അതായത് ഈ സൃഷ്ടിയിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത് ഈ രാധയും കൃഷ്ണനുമാണ്. ഇവർ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനും രാജകുമാരിയുമാണ്. ഇവർ എവിടെ നിന്നാണ് വന്നതെന്ന് ഒരിക്കലും ആരുടെയും ചിന്തയിൽ പോലും വരില്ല. സത്യയുഗത്തിന് മുൻപ് തീർച്ചയായും കലിയുഗമായിരിക്കും. വിശ്വത്തിന്റെ അധികാരിയാകാൻ അവർ എന്ത് കർമ്മമാണ് ചെയ്തത്. ഭാരതവാസി ആരും തന്നെ ഇവർ വിശ്വത്തിന്റെ അധികാരിയാണെന്ന് മനസ്സിലാക്കുന്നില്ല. എപ്പോഴായിരുന്നോ ഇവരുടെ രാജ്യമായിരുന്നത് അപ്പോൾ ഭാരതത്തിൽ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മളെ ബാബ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ലക്ഷ്യം ഇതാണ്. ക്ഷേത്രങ്ങളിൽ ഇവരുടെ ചിത്രങ്ങളെല്ലാമുണ്ട്. എന്നാൽ ഇത് മനസ്സലാക്കുന്നില്ല ഈ സമയം ഇവരുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങളിൽ പോലും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ചിലരാണെങ്കിൽ പൂർണ്ണമായും തന്നെ മറന്ന് പോകുന്നു.

സ്വഭാവം മുൻപുണ്ടായിരുന്നത് പോലെതന്നെയാണ്. ഇവിടുന്ന് വളരെ നല്ലതാണെന്ന് മനസ്സിലാക്കുന്നുണ്ട് പുറത്തിറങ്ങിയാൽ കഴിഞ്ഞു. സേവനത്തിനുള്ള താൽപ്പര്യമുണ്ടായിരിക്കണം. എല്ലാവർക്കും ഈ സന്ദേശം നൽകാനുള്ള യുക്തി രചിക്കണം. പരിശ്രമിക്കണം. ലഹരിയോടെ പറയണം- ശിവബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ പാപം ഇല്ലാതാകും. ഞങ്ങൾ ഒരു ശിവബാബയെ അല്ലാതെ മറ്റാരേയും ഓർമ്മിക്കുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ലക്ഷ്യത്തിന്റെ ചിത്രം സദാ കൂടെ വെയ്ക്കണം. ലഹരി ഉണ്ടായിരിക്കണം ഇപ്പോൾ നമ്മൾ ശ്രീമതത്തിലൂടെ വിശ്വത്തിന്റെ അധികാരിയായിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ഇങ്ങനെയുള്ള പൂക്കളുടെ പൂന്തോട്ടത്തതിലേക്ക് പോകുന്നു - അവിടെ നമ്മുടെ കണ്ണുകൾ തന്നെ ശീതളമാകും.

2) സേവനത്തിനുള്ള വളരെ-വളെരെ താൽപ്പര്യം വെയ്ക്കണം. വലിയ മനസ്സോടെ അല്ലെങ്കിൽ ഉണർവ്വോടെ വലിയ-വലിയ ചിത്രങ്ങളിൽ സേവനം ചെയ്യണം. യാചകനിൽ നിന്ന് രാജകുമാരനാക്കണം.

## വരദാനം: - കർമ്മത്തിന്റെ ഗതി മനസിലാക്കി ഗതി സത്ഗതിയുടെ തീരുമാനമെടുക്കുന്ന മാസ്റ്റർ ദുഃഖ ഹർത്താ സുഖ കർത്താവായി ഭവിക്കട്ടെ.

ഇപ്പോഴും സ്വന്തം ജീവിത കഥ കാണുകയും കേൾപ്പിക്കുകയും ചെയ്യുന്നതിൽ ബിസിയാകരുത്. പകരം ഓരോരുത്തരുടെയും കർമ്മത്തിന്റെ ഗതി മനസിലാക്കി ഗതി സത്ഗതി കൊടുക്കുന്നതിന്റെ തീരുമാനം എടുക്കൂ. മാസ്റ്റർ ദുഃഖ ഹർത്താ സുഖ കർത്താവിന്റെ പാർട്ട് അഭിനയിക്കൂ. സ്വന്തം രചനയുടെ ദുഃഖവും അശാന്തിയുടെയും സമസ്യകൾ സമാപ്തമാക്കൂ, അവർക്ക് മഹാദാനവും, വരദാനവും നൽകൂ. സ്വയം സൗകര്യങ്ങൾ എടുക്കരുത്, ഇപ്പോൾ ദാതാവായി നൽകൂ. അഥവാ സൗകര്യങ്ങളുടെ ആധാരത്തിൽ സ്വയത്തിന്റെ ഉന്നതിയിലോ സേവനത്തിലോ അല്പകാലത്തേയ്ക്കുള്ള സഫലത പ്രാപ്തമായാലും, ഇന്ന് മഹാൻ ആയിമാറും നാളെ മഹാനതയ്ക്ക് ദാഹിക്കുന്ന ആത്മാവായി മാറും.

## സ്ലോഗൻ: - അനുഭൂതി ഇല്ലാതാകുന്നത് യുദ്ധത്തിന്റെ അവസ്ഥയാണ്, യോഗിയാകൂ, യോദ്ധാവാക്കരുത്.

**അവ്യക്ത സൂചന- അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
ഏതുപോലെ ബ്രഹ്മാബാബ അവ്യക്തമായി വിദേഹി സ്ഥിതിയിലൂടെ കർമ്മതീതമായി, അവ്യക്ത ബ്രഹ്മാവിന്റെ വിശേഷ പാലനയ്ക്ക് പാത്രമായവരാണ്, അതിനാൽ അവ്യക്ത പാലനയുടെ മറുപടി വിദേഹിയായി നൽകൂ. സേവനത്തിന്റെയും സ്ഥിതിയുടെയും ബാലൻസ് വയ്ക്കൂ. വിദേഹി എന്നാൽ ദേഹത്തിൽ നിന്ന് വേറിട്ടിരിക്കുന്നവർ.സ്വഭാവ സംസ്ക്കാരം, കുറവുകൾ എല്ലാം ദേഹത്തിന്റെ കൂടെയാണ് ഉള്ളത്. ദേഹത്തിൽ നിന്ന് വേറിട്ടിരുന്നാൽ സർവ്വതിൽ നിന്നും വേറിട്ടവരാകും, അതിനാൽ ഈ ഡ്രിൽ കൂടുതൽ സഹയോഗം നൽകും, ഇതിനായി നിയന്ത്രണ ശക്തി ആവശ്യമാണ്.